"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും ഇൻഫർമേഷൻ കേരള മിഷനിൽ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷനായി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി സൈമ എസ്. , ന്റെ ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2588/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/12/2021

---

പരാമർശം:- 1. സ.ഉ.(സാധാ) 1108/2020/തസ്വഭവ തീയതി 11.06.2020.

2 പഞ്ചായത്ത് ഡയറക്ടറുടെ 23.03.2021 ലെ PAN/3117/2021-E11(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി സൈമ എസ് നെ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി പരാമർ ശം (1) ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രവേശിച്ച ശ്രീമതി സൈമ എസ് ന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവാകുന്നതിന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ ശ്രീമതി സൈമ എസ്., നെതിരെ വകുപ്പുതല അച്ചടക്ക നടപടികളോ വിജിലൻസ് കേസോ വിജിലൻസ് അന്വേഷണമോ നിലവിലില്ല എന്നും ശ്രീമതി സൈമ എസ്., പ്രൊബേഷൻ കലായളവിൽ 23 ദിവസത്തെ പരിവർത്തിതാവധി ( with permission to prefix one day) വിനിയോഗിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, ശ്രീമതി സൈമ എസ്. ന്റെ ജോയിന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ ടിയാളുടെ പേരിനു നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം 2 ലെ നിയമം 20 (b) പ്രകാരം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രവേശിച്ച തീയതി | ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ ക്രമവൽക്കരിച്ച തീയതി | പ്രൊബേഷൻ അവസാനിച്ച തീയതി | ലീവ് വിവരം | പ്രൊബേഷൻ പ്രഖ്യാപിക്കേണ്ട തീയതി |
|---|---|---|---|---|---|
| സൈമ.എസ്. | 15.06. 2020 F.N | 01.11.2021 | 07.01. 2021 A.N | 24 days commutted leave (1 day prefixed) | 08.01. 2021 F.N. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീമതി സൈമ എസ്, കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, ഐ.കെ.എം, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ